## ഭരണച്ചെലവ് നിയന്ത്രണം

107 (T* 7943) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭരണച്ചെലവുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ എന്തെങ്കിലും നിലവിലുണ്ടോ ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

സംസ്ഥാനത്ത് ഭരണച്ചെലവുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്. ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഭരണപരവും വിഭവ സംരക്ഷണത്തിനും അധിക വിഭവസമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യങ്ങളിൽ കണ്ടെത്തിയ അധിക തസ്തികകളിൽ നിന്നും നിയമനം നടത്താനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 8-8-2012-ലെ സ.ഉ. (പി) നമ്പർ 441/2012/ ധന, സ.ഉ. (പി)നമ്പർ 442/2012/ ധന എന്നീ നമ്പർ ഉത്തരവുകൾ പ്രകാരമാണ് മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യു കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ

---

* T മാറ്റിവച്ച ചോദ്യത്തെസൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്ക്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 5-8-2013-ലെ 382/2013/ ധന, 11-10-2013-ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ. (പി.) നമ്പർ 515/13/ധന, 28-11-2013-ലെ സ.ഉ. (പി) നമ്പർ 580/13/ധന എന്നീ നമ്പർ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**മിഷൻ 676-ന്റെ ഭാഗമായി വിവിധ വകുപ്പുകൾ പ്രഖ്യാപിച്ച പദ്ധതികൾ**

108 (7944) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകൾ പദ്ധതികൾ പ്രഖ്യാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വകുപ്പും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ നടപ്പാക്കാൻ 2014-15-ലെ ബഡ്ജറ്റിൽ നീക്കി വെച്ചിട്ടുള്ള തുകയുടെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676-ന്റെ ഭാഗമായി പദ്ധതികൾ പ്രഖ്യാപിച്ച വകുപ്പുകൾ ചുവടെ പറയുന്നു:

തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, ഭവന നിർമ്മാണ വകുപ്പ്, ഊർജ്ജ വകുപ്പ്, റവന്യൂ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, മത്സ്യബന്ധന വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, വ്യവസായ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, നോർക്ക വകുപ്പ്, പൊതു വിതരണ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആഭ്യന്തര വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, കയർ വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly